**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5827** **08-07-2024 - ൽ മറുപടിയ്ക്ക്**

**പെൻഷൻ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പുന:വിവാഹിതരല്ല എന്ന സാക്ഷ്യപത്രം 2023 ആഗസ്റ്റ് 30-ന് മുൻപേ സമർപ്പിച്ചിരുന്നുവെങ്കിലും കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ 8 ഗുണഭോക്താക്കൾക്ക് 4 മാസത്തെ പെൻഷൻ മുടങ്ങിയത് ഇരിമ്പിളിയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി 27.11.2023 തീയതിയിലെ എ3/4173/23 നമ്പർ കത്ത് മുഖേന ഡി.ബി.ടി. സെല്ലിനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (എ) | 27/11/2023-ലെ എ3/4173/2023 നമ്പർ കത്ത് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സേവന പോർട്ടൽ പരിശോധിക്കുകയും 31.08.2023 ന ശേഷമാണ് എല്ലാ ഗുണഭോക്താക്കളുടേയും വിവാഹിത/പുനർ വിവാഹിത അല്ല എന്ന സർട്ടിഫിക്കറ്റ് തദ്ദേശ സ്ഥാപനം പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായതിനെ തുടർന്ന് ടി ഗുണഭോക്താക്കളെ സസ്പെന്റ് ചെയ്ത വിവരം 06.12.2023 തീയതിയിലെ LSGD/PD/677/13/2023/SSP6 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്ഥാപനത്തെ അറിയിക്കുകയും ചെയ്തിരുന്നു.<br><br>എന്നാൽ പിന്നീട് 2023 ആഗസ്റ്റ് 30 ന മുൻപ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിരുന്നിട്ടും ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യാതിരുന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തദ്ദേശ സ്ഥാപനത്തിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. വിവാഹിത/പുനർ വിവാഹിത അല്ല എന്ന സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്ത് 31/8/2023 തീയതിക്ക് മുൻപ് ഡിജിറ്റൽ സൈൻ ചെയ്ത് ആധികാരികമാക്കിയിരുന്നെന്നും, ചില ഗുണഭോക്താക്കൾക്ക് പെൻഷൻ ലഭിച്ചില്ല എന്ന വിവരം ബന്ധപ്പെട്ട വാർഡു മെമ്പർ പറയുമ്പോൾ മാത്രമാണ് അറിയാൻ സാധിച്ചതെന്നും തുടർന്നുള്ള പരിശോധനയിലാണ് 8 ഗുണഭോക്താക്കളുടെ പെൻഷൻ സോഫ്റ്റ് വെയറിൽ അപ്രൂവ് ആയില്ല എന്ന് കണ്ടതെന്നും സാങ്കേതികമായ തകരാറു മൂലമാണ് ഡിജിറ്റൽ സൈൻ ആകാതിരുന്നതെന്നും ടി കാലയളവിലെ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| | | | • 2023 ആഗസ്റ്റ് മാസത്തെ പെൻഷൻ വിതരണത്തിൽ വിവിധ കാരണങ്ങളാൽ പെൻഷൻ ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ ടി ഗുണഭോക്താക്കളെക്കൂടി ഉൾപ്പെടുത്തി കുടിശ്ശിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 09.07.2024 ലെ No.LSGD/PD/67713/2023-SSP6 കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഗുണഭോക്താക്കൾക്ക് അടിയന്തരമായി കുടിശ്ശിക പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | 27/11/2023-ലെ എ3/4173/2023 നമ്പർ കത്ത് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സേവന പോർട്ടൽ പരിശോധിക്കുകയും 31.08.2023 ന ശേഷമാണ് എല്ലാ ഗുണഭോക്താക്കളുടേയും വിവാഹിത/പുനർ വിവാഹിത അല്ല എന്ന സർട്ടിഫിക്കറ്റ് തദ്ദേശ സ്ഥാപനം പോർട്ടലിൽ അപ് ലോഡ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമായതിനെ തുടർന്ന് ടി ഗുണഭോക്താക്കളെ സസ്പെന്റ് ചെയ്ത വിവരം 06.12.2023 തീയതിയിലെ LSGD/PD/677/13/2023/SSP6 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്ഥാപനത്തെ അറിയിക്കുകയും ചെയ്തിരുന്നു.<br><br>എന്നാൽ പിന്നീട് 2023 ആഗസ്റ്റ് 30 ന മുൻപ് സർട്ടിഫിക്കറ്റ് സമർപ്പിച്ചിരുന്നിട്ടും ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യാതിരുന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തദ്ദേശ സ്ഥാപനത്തിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. വിവാഹിത/പുനർ വിവാഹിത അല്ല എന്ന സർട്ടിഫിക്കറ്റ് അപ്-ലോഡ് ചെയ്ത് 31/8/2023 തീയതിക്ക് മുൻപ് ഡിജിറ്റൽ സൈൻ ചെയ്ത് ആധികാരികമാക്കിയിരുന്നെന്നും, ചില ഗുണഭോക്താക്കൾക്ക് പെൻഷൻ ലഭിച്ചില്ല എന്ന വിവരം ബന്ധപ്പെട്ട വാർഡു മെമ്പർ പറയുമ്പോൾ മാത്രമാണ് അറിയാൻ സാധിച്ചതെന്നും തുടർന്നുള്ള പരിശോധനയിലാണ് 8 ഗുണഭോക്താക്കളുടെ പെൻഷൻ സോഫ്റ്റ് വെയറിൽ അപ്രൂവ് ആയില്ല എന്ന് കണ്ടതെന്നും സാങ്കേതികമായ തകരാറു മൂലമാണ് |

| | | | |
|---|---|---|---|
| | | | ഡിജിറ്റൽ സൈൻ ആകാതിരുന്നതെന്നും ടി കാലയളവിലെ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്നു.<br><br>2023 ആഗസ്റ്റ് മാസത്തെ പെൻഷൻ വിതരണത്തിൽ വിവിധ കാരണങ്ങളാൽ പെൻഷൻ ലഭിക്കാത്ത ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ ടി ഗുണഭോക്താക്കളെക്കൂടി ഉൾപ്പെടുത്തി കുടിശ്ശിക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ 09.07.2024 ലെ No.LSGD/PD/67713/2023-SSP6 കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ